# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1188.

11..7..2011-ൽ മറുപടിക്ക്

## "സംസ്ഥാനത്തെ പാൽ ഉൽപാദനം"

**ചോദ്യം**

**ശ്രീ. വി. ചെന്താമരാക്ഷൻ.**

(എ) സംസ്ഥാനത്ത് ശരാശരി എത്ര ലിറ്റർ പാൽ (ഒരു ദിവസം) ഉൽപ്പാദിപ്പിക്കുന്നുണ്ട്; മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ സംസ്ഥാനത്തേക്ക് വരുന്നുണ്ട്; വിശദമാക്കുമോ;

(ബി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ. കെ.സി. ജോസഫ്,**
**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് പ്രതിദിനം ശരാശരി 76 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി 6 മുതൽ 8 ലക്ഷം വരെ ലിറ്റർ പാൽ വരുന്നതായിട്ടാണ് കണക്കാക്കുന്നത്.

(ബി) ക്ഷീരവികസന വകുപ്പ് വഴി എം.എസ്.ഡി.പി പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, കേന്ദ്രസഹായ പദ്ധതികളായ SIQ & CMP, RKVY, ത്രിതല പഞ്ചായത്തുകളുടെ വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ, കോമേഴ്സ്യൽ ഡയറി ഫാമുകൾ വികസിപ്പിക്കുന്നതിനുള്ള സഹായം, കന്നുകുട്ടി പരിപാലന പരിപാടി, കാലിത്തീറ്റ സബ്സിഡി, അധിക പാൽവില നൽകൽ എന്നീ പദ്ധതികൾ ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ ആവിഷ്കരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പു വഴി സൗജന്യചികിത്സാ സൗകര്യങ്ങളും ആവശ്യമായ മരുന്നുകളും ലഭ്യമാക്കി വരുന്നുണ്ട്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൃത്രിമ ബീജസങ്കലനം പൂർണ്ണമായും സൗജന്യമാക്കി. കന്നുകാലി പ്രജനന നയം, പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ. കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം സൗജന്യനിരക്കിൽ കന്നുകുട്ടികൾക്ക് കാലിത്തീറ്റ, വിരമരുന്നുകൾ,

ഇൻഷ്വറൻസ്, ക്ഷീരസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് പശു, എരുമ എന്നിവ നൽകുന്ന പദ്ധതി, കന്നുകാലി ഫാമുകളെ മാതൃകാ കന്നുകാലി ഫാമുകളായി ഉയർത്തുന്നതിനും നൂതന ഫാമുകളായി പ്രവർത്തിപ്പിക്കുന്നതിനും ധനസഹായം, കർഷകരുടെ ഫാമുകളുടെ യന്ത്രവൽക്കരണത്തിനായി ധനസഹായം, ഇതുകൂടാതെ കർഷകർക്ക് ശാസ്ത്രീയ രീതിയിലുള്ള മൃഗപരിപാലനത്തിനും നൂതന രീതിയിലുള്ള പ്രവർത്തനങ്ങൾക്കും ആയി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലൂടെയും പരിശീലന കേന്ദ്രങ്ങളിലൂടെയും ആവശ്യമായ പരിശീലനവും ബോധവൽക്കരണവും നൽകുന്നുണ്ട്. ക്ഷീരകൃഷി എം.ജി.എൻ.ആർ.ഇ.ജി.എസിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി പരിഗണനയിൽ ഉണ്ടോ; എങ്കിൽ എന്ന് നടപ്പിൽ വരുമെന്ന് വിശദമാക്കുമോ?

(സി) ക്ഷീരകർഷകർക്കായി പെൻഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് വഴിയാണ് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നത്.



സെക്ഷൻ ഓഫീസർ